(Pages : 4) **P – 3679**

Reg. No. : .............................

Name : .................................

# Third Semester B.A. Degree Examination, January 2023

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Complementary Course

## ML 1331 : പരിസ്ഥിതി : സിദ്ധാന്തവും ആവിഷ്ക്കാരവും

## (2019 & 2020 Admission)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. ജൈവം എന്ന നോവലിന്റെ കർത്താവാര്?

2. പച്ച പ്രകൃതിയും പചിതം സംസ്കൃതിയുമാണെന്ന് പറഞ്ഞതാര്?

3. പരിസ്ഥിതിസൗന്ദര്യശാസ്ത്രത്തിന് ഒരു മുഖവുര എന്ന ലേഖനത്തിന്റെ കർത്താവാര്?

4. കവിതയും പരിസ്ഥിതിയും - ആരുടെ ഗ്രന്ഥമാണ്?

5. ഓറിയന്റലിസം എന്ന പുസ്തകം രചിച്ചതാര്?

6. "മനുഷ്യരും പിറന്നുവീഴുമ്പോൾ നിലവിളിക്കുന്നത്

   എല്ലാ ദേശത്തും ഒരേ ഭാഷയിലാണ്" - ഏതു കവിതയിലേതാണ് ഈ വരികൾ?

7. കനകം വിളയുന്ന മണ്ണ് ഏതു സാഹിത്യവിഭാഗത്തിൽപ്പെടുന്ന കൃതിയാണ് ?

P.T.O.

8. സാംസ്കാരികഭൗതികവാദം എന്ന സങ്കല്പം അവതരിപ്പിച്ചതാര് ?

9. ഹരിതസാഹിത്യദർശനം എന്ന കൃതിയുടെ കർത്താവാര് ?

10. പുരുഷനാടകവേദിയാണ് വരുംകാലത്തെ നാടകവേദിയെന്ന് തറപ്പിച്ചുപറയുന്ന നാടകസംവിധായകനാര് ?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ ഏറ്റവുംകുറഞ്ഞത് എട്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. അന്നതാത്പര്യത്തിനനുസൃതമായിരുന്നു തോറോവിന്റെ കാവ്യതാത്പര്യം എന്നു പറയാൻ കാരണമെന്ത്?

12. സംസ്കാരവും ആവാസവ്യവസ്ഥയും തമ്മിലുള്ള ബന്ധത്തിന്റെ നാനാർത്ഥസാധ്യതകൾ വ്യക്തമാക്കുക.

13. "മോളേ, മനുഷ്യരെപ്പോലെയല്ല. പൂച്ചെടികളുടെ പേരുതന്നെയാ പൂവിനും" - സന്ദർഭമേത്?

14. സാമൂഹികപരിസ്ഥിതിവാദം എന്നാലെന്ത്?

15. ജൈവം എന്ന നോവലിൽ, കവിയെ വന്നുതൊടുന്ന പച്ചപ്പുൽച്ചാടിയുടെ സാന്നിധ്യം കൊണ്ടുണ്ടാകുന്ന പാരിസ്ഥിതികമാറ്റങ്ങൾ എന്തെല്ലാം?

16. ഒരു കാലത്ത് തൃക്കാക്കരമുതൽ കൊച്ചിത്തുറമുഖംവരെയുള്ള വഴി എങ്ങനെയായിരുന്നെന്നാണ് കവി പറയുന്നത്?

17. 'ഹരിതമോഹന'ത്തിലെ അരവിന്ദാക്ഷൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ വിലയിരുത്തുക.

18. ഓരോ പുഴയും പറയുന്നത് എന്ന ചിത്രത്തിന്റെ പ്രധാന സന്ദേശമെന്ത്?

19. ജൈവം എന്ന നോവലിലെ കൃഷ്ണൻ എന്ന കഥാപാത്രം മറ്റു കഥാപാത്രങ്ങളിൽനിന്നു വ്യത്യസ്തനാകുന്നതെങ്ങനെ?

VTM NSS COLLEGE LIBRARY

20. "പുതിയ പുതിയ തറവാടുകളിൽ നിന്ന് പുക ഉയരുന്നു" - കവി ഇങ്ങനെ പറയുന്നതെന്തുകൊണ്ട്?

21. പ്രാകൃതകല, ആധുനികകല - ഇവ തമ്മിലുള്ള വ്യത്യാസങ്ങളെന്തെല്ലാം?

22. പരിസ്ഥിതി എന്ന പദത്തിന്റെ അർത്ഥവ്യാപ്തിയെക്കുറിച്ചു വ്യക്തമാക്കുക.

23. സംസ്കാരം പ്രകൃതിയുടെ നിർമ്മിതിയാണെന്നു പറയുന്നതെന്തുകൊണ്ട്?

24. ജൈവം എന്ന നോവലിലെ വൈഗ സമകാലികഗ്രാമങ്ങളുടെ മാറ്റങ്ങളെ ഓർമ്മിപ്പിക്കുന്നുണ്ടോ? - വിശകലനം ചെയ്യുക.

25. പേരറിയാത്തവർ എന്ന ചിത്രം വ്യക്തികളുടെ പേരിനെ അപ്രസക്തമാക്കുന്ന ദുരന്തത്തെ ആവിഷ്കരിക്കുന്നുണ്ടോ? - പരിശോധിക്കുക.

26. പരിണാത്മകസാംസ്കാരിക ഇക്കോളജി എന്നാലെന്ത്?

**(8 × 2 = 16 Marks)**

III. **120** വാക്കിൽ കവിയാതെ ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

27. ആമസോൺ എന്ന കഥ സംവേദനം ചെയ്യുന്ന ആശയങ്ങൾ വിശകലനം ചെയ്യുക.

28. ഹരിതമോഹനം എന്ന ശീർഷകത്തിന്റെ അർത്ഥസാധ്യതകൾ എന്തെല്ലാം?

29. പാരിസ്ഥിതികസ്ത്രീവാദത്തിന്റെ അടിസ്ഥാനാശയങ്ങൾ വ്യക്തമാക്കുക.

30. തൃക്കാക്കരമുതൽ കൊച്ചിത്തുറമുഖം വരെയുള്ള മഹാവൃക്ഷങ്ങൾക്ക് എന്തു സംഭവിച്ചു എന്നാണ് കവി പറയുന്നത്?

31. റൂസ്സോയുടെയും തോറോയുടെയും പാരിസ്ഥിതികവീക്ഷണങ്ങൾ താരതമ്യം ചെയ്യുക.

32. ഗഹനപരിസ്ഥിതിവാദം എന്തിനെയെല്ലാം ഉൾക്കൊള്ളുന്നുണ്ടെന്നു ക്രോഡീകരിക്കുക.

33. ഭൂമിയുടെ ചടങ്ങുകൾ എന്ന കവിത സ്വാഭാവികമായ ജൈവികപ്രകൃതിയിലേക്ക് വിരൽ ചൂണ്ടുന്നതെങ്ങനെ?





VTM NSS COLLEGE LIBRARY

34. ആക്ഷേപഹാസ്യത്തിന്റെ അകമ്പടിയോടെ പാരിസ്ഥിതികമാറ്റങ്ങളെ അനാവരണം ചെയ്യുന്ന കവിതയാണ് അതിരപ്പിള്ളിക്കാട്ടിൽ - പരിശോധിക്കുക.

35. ഓരോ പുഴയും പറയുന്നത് എന്ന ചലച്ചിത്രത്തിൽ കാലാത്മകതയും ആശയസമ്പന്നതയും സമ്മേളിക്കുന്നതെങ്ങനെ?

36. സംസ്കാരവും ആവാസവ്യവസ്ഥയും എന്ന ലേഖനം പരിചയപ്പെടുത്തുക.

37. പാരിസ്ഥിതികപ്രശ്നങ്ങളുടെ നേരന്വേഷണമാണ് 'അരജീവിതങ്ങൾക്ക് ഒരു സ്വർഗ്ഗം' - വ്യക്തമാക്കുക.

38. പരിസ്ഥിതിയും സർഗ്ഗാത്മകതയും തമ്മിലുള്ള ബന്ധത്തിന്റെ പ്രസക്തി വിശകലനം ചെയ്യുക.

**(6 × 4 = 24 Marks)**

IV. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

39. പ്രകൃതിയുടെ പരിണാമങ്ങളും അതിന്റെ കാരണങ്ങളും വ്യക്തമായി അടയാളപ്പെടുത്തുന്ന നോവലാണ് ജൈവം - വിശദമാക്കുക.

40. പാരിസ്ഥിതികപ്രസ്ഥാനങ്ങളെക്കുറിച്ചു വിവരിക്കുക.

41. അരനൂറ്റാണ്ടുകൊണ്ട് കേരളത്തിലുണ്ടായ മാറ്റങ്ങളുടെ നേർചിത്രങ്ങളാണ് മലയാളത്തിലെ പരിസ്ഥിതിക്കവിതകൾ അവതരിപ്പിക്കുന്നത് - ഉദാഹരണസഹിതം വ്യക്തമാക്കുക.

42. പരിസ്ഥിതിദർശനം മലയാളത്തിലെ ചെറുകഥകളിൽ - ഉപന്യസിക്കുക.

43. കനകം വിളയുന്ന മണ്ണ് എന്ന നാടകം മുന്നോട്ടുവെയ്ക്കുന്ന പാരിസ്ഥിതികദർശനം എന്ത്?

44. പരിസ്ഥിതിദർശനം കലാരൂപങ്ങളിൽ - നിരൂപണം തയ്യാറാക്കുക.

**(2 × 15 = 30 Marks)**

VTM NSS COLLEGE LIBRARY